വയനാട്ടിലെ തെറ്ററോഡിൽ നിന്നും തിരുനെല്ലിക്കുള്ള പാതയ്ക്കിരുവശവും കാടാണ്. റോഡിൽ നിന്നും കുറേ അകലത്തില് കാട് തെളിച്ചിട്ടുണ്ട്. മറ്റു വാഹനങ്ങളും വന്യജീവികൾ ഇറങ്ങുന്നതും എതിരെപ്പോകുന്നവർക്കു കാണാൻ പാകത്തിൽ. അവിടെ വഴിയോര തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിരിക്കുന്നു. തൂങ്ങിക്കിടക്കുന്ന ചുകപ്പ് ബോർഡറുകളും. അറ്റം വരെ കാണാം. കാട്ടിൽ തണൽ വൃക്ഷത്തൈകൾ! അതെ കാടിനീമട്ടിൽ പോയാൽ അധികം കാലമില്ലല്ലോ? നമ്മൾക്ക് നാട്ടിൽ മരങ്ങൾ നടാം. കാട് മരമല്ല. ഒരു കാട് ഉണ്ടാക്കുവാൻ നമ്മൾക്കാകില്ല. പക്ഷെ, ഒന്നു ചെയ്യുവാനാകും. അങ്ങോട്ട് നമ്മുടെ 'വികസനങ്ങൾ' എത്തിക്കാതിരിക്കാനും അതിനു ചുറ്റും വേണ്ടത്ര സംരക്ഷണം നൽകുവാനും പറ്റും.

വന്യജീവി ഫോട്ടോഗ്രാഫറുടെ കാടനുഭവങ്ങൾ

# കാടിന്റെ ഹൃദയത്തിൽ തൊടുമ്പോൾ

എൻ. എ. നസീർ

കാട്ടിലേക്കുള്ള വഴിയിൽ ആരോ കാത്തുനിൽപ്പുണ്ട്. പൊഴിഞ്ഞുവീണ ഓരോ ഇലകൾക്കുമീതെയും പാദങ്ങൾ വയ്ക്കുമ്പോളും, കനിവോടെ നിഴൽ വിരിച്ചുതരുന്ന വൃക്ഷമുത്തച്ഛന്മാർ. വൻവൃക്ഷത്തിനു പിറകിൽ നിന്നും തലനീട്ടി നോക്കുന്ന ഒരു കേഴമാൻ കുഞ്ഞ്. വസ്ത്രങ്ങളിൽ കയറിപ്പറ്റി കാനനയാത്രകൾ കണ്ടുരസിക്കുന്ന ഒരു മരതകവണ്ട്. വഴിയരുകിൽ നിറയെ മാമ്പഴം പൊഴിച്ചു കാത്തു നിൽക്കുന്ന ഒരു വലിയ കാട്ടുമാവ് നിറയെ കരിംകുരങ്ങുകളാണ്. കാട്ടുചോലയിലെ പഞ്ചാരമണലിൽ നീണ്ടുനിവർന്നു കിടക്കുന്ന അഴകാർന്ന മഞ്ഞയിൽ കറുപ്പ് വരകളണിഞ്ഞ കാടിന്റെ ഗാംഭീര്യം. ഏറെ അലഞ്ഞു വിവശനായി ഏതെങ്കിലും മഹാവൃക്ഷത്തിൽ ചാരി നിൽക്കുമ്പോൾ സകല ക്ഷീണവും മാറ്റുവാനായി അകലങ്ങളിലെങ്ങുനിന്നോ ഒഴുകിവന്നണയുന്ന മലമുഴക്കിവേഴാമ്പലുകളുടെ ചിറകടിനാദം. കാട്ടുചോലയിൽ പാദം സ്പർശിക്കുമ്പോൾ മനസ്സിലേക്കൊഴുകുന്ന ഊർജ്ജപ്രവാഹം.

കാട്ടിലെ ഓരോ ജീവനും നമ്മോടെന്തൊക്കെയോ പറയുന്നുണ്ട്. കാടിന്റെ ഹൃദയഭാഷ നമ്മിൽ എത്രപേർക്കറിയാം? എപ്പൊഴെങ്കിലുമൊക്കെ ഏതെങ്കിലും വൃക്ഷമെങ്കിലും നിങ്ങളെ അതിന്റെ അരികിലേക്ക് വിളിച്ചിട്ടുണ്ടോ? കാട്ടിൽ ഏറെ നേരം തനിച്ചിരിക്കണം. കാടിന് നമ്മുടെ മനസ്സ് കൊടുക്കണം. ചിത്രശലഭങ്ങളും പക്ഷികളും നമ്മുടെ ചുറ്റും പാറിക്കളിക്കും. പല ജീവികളും ഏറെ അരികിലേക്ക് വരുന്നതു കാണാം. അവയൊക്കെ നമ്മെ എപ്പോഴെ കാടിന്റെ ഭാഗമാക്കിക്കഴിഞ്ഞിരിക്കുന്നു.

പക്ഷെ.......

കാട്ടിലെ ഓരോ വൃക്ഷങ്ങളും വല്ലാത്ത അസ്വസ്ഥതയിലാണിപ്പോൾ. ഓരോ ജീവികളും വല്ലാത്ത ആകുലതയിലുമാണിപ്പോൾ.

കാട്ടിൽ നിന്നുമുള്ള വാർത്തകളൊക്കെ കയ്യേറ്റങ്ങളെ കുറിച്ചാണ്. മനുഷ്യൻ കയറി വനം വെട്ടിപ്പിടിക്കുന്നതു മാത്രമല്ല കയ്യേറ്റങ്ങൾ എന്നു കൂടി നമ്മൾ അറിയണം. കാടിനകത്തളങ്ങളിൽ എന്തൊക്കെയൊ പേരുകളിൽ പണിതുകൂട്ടുന്ന കെട്ടിടങ്ങൾ, പുതിയ വഴിത്തിരകൾ, നിരന്തരം കാടുകളിൽ ചുറ്റിത്തിരിയുന്ന വാഹനങ്ങൾ ഇവയൊക്കെയും കയ്യേറ്റങ്ങൾ തന്നെ.

'ആഗോളതാപനം. മരമാണു മറുപടി' ആ വാചകങ്ങൾ നമ്മളെ നോക്കി കൊഞ്ഞനംകുത്തുകയും ഒപ്പം നമ്മെ വിഢിയാക്കി കൊടുത്തും ഇടിച്ചുനിരത്തിയുമൊക്കെ കാട് നഷ്ടപ്പെടുത്തുന്നതൊടൊപ്പം നാട്ടിൽ മരമില്ലാതെ മനുഷ്യനിനി രക്ഷയില്ല എന്ന മുറവിളിയും തൈകൾ നടുന്ന ആഘോഷങ്ങളും പൊടിപൊടിക്കുന്നു. നട്ടമരങ്ങളുടെ എണ്ണം പറയുന്ന തിലാണിപ്പോൾ കേമത്തം. ലക്ഷക്കണക്കിന് എന്ന കണക്കൊക്കെ ഇപ്പോൾ നിസ്സാരം. കിഴക്ക് കാട് നഷ്ടപ്പെട്ടാലും സാരമില്ല, നാട് കാടാക്കിയെ അടങ്ങു എന്ന വാശി രസകരം തന്നെ. എല്ലാ പ്രസ്ഥാനങ്ങളും ഇപ്പോൾ മരം നടൽ ആഘോഷിക്കുന്നു. നല്ലതു തന്നെ തണൽ വിരിക്കാൻ ഒരു മരമെങ്കിലും കാണുമല്ലോ. പക്ഷെ, എത്ര കോടി മരങ്ങൾ നട്ടാലും ഒരു തുണ്ട് കാടിന്റെ മൂല്യത്തിനൊപ്പം അതാകില്ല എന്ന സത്യം എന്നാണ് നമ്മളൊക്കെ മനസ്സിലാക്കുക? ആരാണ് അതുറക്കെ വിളിച്ചു പറയുക ? എല്ലാവരും മരങ്ങൾ നടുന്ന ആഘോഷങ്ങളിലല്ലേ? അങ്ങനെ നമ്മളെ ഒരു മരമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. പട്ടുപോയ മരം.

കാടിനരുകിൽ വഴിയോരതണൽ മരങ്ങൾ നട്ടുപിടിപ്പിച്ച വിദ്വാന്മാരാണ് നമ്മൾ. പ്ലാസ്റ്റിക് കാട്ടിലുപയോഗിക്കരുതെന്ന് നാഴികയ്ക്ക് നാൽപതുവട്ടം പറയുകയും നട്ടവൃക്ഷത്തൈകളേക്കാൾ പ്രാധാന്യത്തോടെ അവയിൽ പ്ലാസ്റ്റിക്കിൽ എഴുതി തൂക്കുകയും ചെയ്തിരിക്കുന്നു.

വയനാട്ടിലെ തെറ്ററോഡിൽ

നിന്നും തിരുനെല്ലിക്കുള്ള പാതയ്ക്കിരുവശവും കാടാണ്. റോഡിൽ നിന്നും കുറേ അകലത്തില് കാട് തെളിച്ചിട്ടുണ്ട്. മറ്റു വാഹനങ്ങളും വന്യജീവികൾ ഇറങ്ങുന്നതും എതിരെപ്പോകുന്നവർക്കു കാണാൻ പാകത്തിൽ. അവിടെ വഴിയോര തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിരിക്കുന്നു. തൂങ്ങിക്കിടക്കുന്ന ചുകപ്പ് ബോർഡറുകളും. അറ്റം വരെ കാണാം. കാട്ടിൽ തണൽ വൃക്ഷതൈകൾ ! അതെ കാടിനീമട്ടിൽ പോയാൽ അധികം കാലമില്ലല്ലോ? നമ്മൾക്ക് നാട്ടിൽ മരങ്ങൾ നടാം. കാട് മരമല്ല. ഒരു കാട് ഉണ്ടാക്കുവാൻ നമ്മൾക്കാകില്ല. പക്ഷെ, ഒന്നു ചെയ്യുവാനാകും. അങ്ങോട്ട് നമ്മുടെ 'വികസനങ്ങൾ' എത്തിക്കാതിരിക്കാനും അതിനു ചുറ്റും വേണ്ടത്ര സംരക്ഷണം നൽകുവാനും പറ്റും.

ആലുവ-മൂന്നാർ റോഡിലെ നേര്യമംഗലം പാലം കടന്നാൽ പാത പിന്നെ കാനന മദ്ധ്യേയാണ് കുറേ ദൂരം പോകുന്നത്. ആ വഴി വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ മൂക്ക് പൊത്തിയിരിക്കണം സഞ്ചാരികൾ. അത്രയ്ക്ക് ദുർഗന്ധമാണ് ആ പാതയിൽ. കഴിഞ്ഞ ദിവസം അതുവഴിപോകുമ്പോൾ ഒരു പിക്കപ്പ് വണ്ടിയിൽ മാലിന്യങ്ങൾ അങ്ങോട്ട് കൊണ്ടുപോയി തള്ളുവാൻ ശ്രമിക്കുന്നതു കണ്ട് ഞങ്ങൾ കുറച്ചുപേർ ചാടി ഇറങ്ങി. കൈയിൽ ക്യാമറ ഉണ്ടായിരുന്നു. അപ്പോഴേക്കും ആ വാഹനം അവർ തിരിച്ചുവിട്ടു. എത്ര നേരം നാമവിടെ കാവൽ നിൽക്കും? മാലിന്യവുമായി വന്നവർ അപ്പുറത്തെവിടെയെങ്കിലും അത് തട്ടിയിട്ടുണ്ടാവും. കോതമംഗലത്തേയും അടിമാലിയിലേയും മാലിന്യങ്ങളുടെ ഏറിയ പങ്കും ഈ പാവം കാടാണ് സഹിക്കുന്നത്. മഴക്കാലത്ത് ഇതൊക്കെ ചെരിയാറ്റിലെത്തുകയും ചെയ്യും.

വാഴച്ചാലിൽ പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ നിറച്ച വയറുമായി ഒരു മാൻ ചത്തുവീണു. (അതും ആഘോഷമാക്കി മാറ്റിയൊ?) നമ്മുടെ ഓരോ കാടുകളുടെയും അവസ്ഥ എന്താണ്? പലതും മാലിന്യകൂമ്പാരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ ചെക്പോസ്റ്റുകളിലുള്ളവർക്കൊക്കെ എന്താണ് ജോലി? അതിലെ കടന്നുപോകുന്ന വാഹനങ്ങളിൽ എന്താണ് കൊണ്ടുപോകുന്നതെന്നു അന്വേഷിക്കാറുണ്ടോ ?

കാട് നമ്മൾക്ക് ആഘോഷിക്കുവാനുള്ള ഇടമല്ല. അത്തരം കാര്യങ്ങൾക്ക് നമ്മൾക്ക് മറ്റിടങ്ങൾ എത്രയോ ഉണ്ട്. ഭൂമിയിലെ ഏറ്റവും അമൂല്യവും വില പിടിപ്പുള്ളതുമായ ഏകഇടം നമ്മുടെ അവശേഷിച്ചിരിക്കുന്ന കാനനങ്ങൾതന്നെ. അങ്ങോട്ട് വിശുദ്ധിയോടെയും പ്രാർത്ഥനയോടെയുമാണ് കാലെടുത്തുവെക്കേണ്ടത്. നമ്മൾ വലിക്കുന്ന ഓരോ ശ്വാസവും അവയുടെ കാരുണ്യത്തിലാണ് എന്ന സത്യം മറന്നിട്ട് അത് തോന്ന്യപോലെ ചെയ്യുവാൻ തുറന്നിട്ടിരിക്കുന്നത് വല്ലാത്ത ദുഃഖമാണുണ്ടാകുന്നത്. കാടുകളിൽ നിന്നുമുള്ള ഏറ്റവും ലാഭം പ്രതീക്ഷിക്കലാണ് നമ്മളുടെ ഏറ്റവും വലിയ നഷ്ടം. പകരം വയ്ക്കാൻ ഒന്നുമില്ലാത്ത ഒരമൂല്യനിധിയാണ് നമ്മളൊക്കെ കൂടി താറുമാറാക്കുന്നത്.

'കാറ്റിലും മഴയിലും വല്ലാതെ ഉലയുകയാണ്
ഒരു പുൽനാമ്പും അതിലെ കുഞ്ഞ് പൂമ്പാറ്റയും
പുൽനാമ്പ് പൂമ്പാറ്റയോട് പറഞ്ഞു 'എന്നെ
മുറുക്കെ പിടിച്ചുകൊള്ളുക'
അപ്പോഴേക്കും ശക്തമായ മഴ വന്നു
വെള്ളപാച്ചിലിൽ അവ രണ്ടും ഒലിച്ചുപോയി'.

*നടുവിലകത്ത് വീട്,*
*പള്ളിപോർട്ട്, എറണാകുളം*

പ്രിയ കേരളീയം
വായനക്കാരാ/രി,

**വരിസംഖ്യ**
**240/- രൂപ**

*അയച്ചുതന്ന് സഹകരിക്കുമല്ലോ.*
*കൂടാതെ*
**സംഭാവന, അറിയിപ്പുകൾ,**
**വാർത്തകൾ, വിശകലനങ്ങൾ**
*തുടങ്ങിയവയും അയച്ചുതരുമല്ലോ.*

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ :
**9446576943, 9747062146**
**0487-2421385**

books
magazines
periodicals

Byword
**marva plaza, machingal lane**
**m.g. road, thrissur**
**Tel. : 0487 3256689,**
**Mob : 9847764577**

for rare and new books

With best compliments from

CENTRE FOR POST GRADUATE STUDIES

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com